# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1303

3.12.2015 - ൽ മറുപടിയ്ക്ക്

## കയർ പിരി സംഘങ്ങൾ

| ചോദ്യം<br><br>ശ്രീ.പി.കെ.ഗുരുദാസൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) നിലവിൽ പ്രവർത്തിക്കുന്ന കയർപിരി സംഘങ്ങൾ എത്ര; പ്രസ്തുത സംഘങ്ങളുടെ ജില്ല തിരിച്ചുള്ള പേര് വിവരം ലഭ്യമാക്കുമോ; | എ) പ്രവർത്തിക്കുന്ന കയർപിരി സംഘങ്ങൾ 47[illegible] പ്രസ്തുത സംഘങ്ങളുടെ ജില്ല തിരിച്ചുള്ള പേര് വിവരം പട്ടിക രൂപേണ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| ബി) അടഞ്ഞു കിടക്കുന്ന കയർപിരി സംഘങ്ങൾ എത്ര; പ്രസ്തുത സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) അടഞ്ഞു കിടക്കുന്ന കയർപിരി സംഘങ്ങൾ 134; ഈ സംഘങ്ങളെ പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. സംഘം പ്രവർത്തനം നിലച്ചുപോകാനുള്ള കാരണം കണ്ടെത്തി ആയതിന് അനുസരിച്ച് പെയ്ഡ് സെക്രട്ടറിയുടെ അഭാവമുള്ള സംഘങ്ങളിൽ പെയ്ഡ് സെക്രട്ടറി നിയമനത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി<br><br>പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406/-, 8,96,92,648/-, 1,45,25,260/-, 15,84,250/- രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചു. സംഘങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 2011-2012 ൽ 1,27,50,175/- രൂപയും, 2012-2013 ൽ 2,07,59,149/- രൂപയും, 2013-2014 ൽ 11,20,75,971/- രൂപയും, 2014-2015 ൽ 10,44,66,655/- രൂപയും അനുവദിച്ചു. സഹകരണ ഡീഫൈബറിംഗ് സംഘങ്ങളെ<br><br>പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി പ്രകാരവും സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു. |

| | |
|---|---|
| | കയർ സംഘങ്ങളിലെ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിന് വരുമാനം താങ്ങൽ പദ്ധതി പ്രകാരം എല്ലാ മാസവും ധനസഹായം നൽകുന്നുണ്ട്. പി.എം.ഐ പദ്ധതി പ്രകാരവും ധനസഹായം നൽകുന്നുണ്ട്. പുതിയ യന്ത്ര വൽകൃത മെഷിനുകൾ സ്ഥാപിച്ചും തൊണ്ട് സംഭരണം, ചകിരി ഉൽപ്പാദനം എന്ന സർക്കാരിന്റെ പുതിയ പദ്ധതിയിലൂടെയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| സി) പ്രവർത്തന സജ്ജമായിട്ടുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ എത്രയെന്നറിയി ക്കാമോ; പ്രസ്തുത സംഘങ്ങളുടെ ജില്ല തിരിച്ചുള്ള പേര് വിവരം നൽകുമോ; | സി) പ്രവർത്തന സജ്ജമായിട്ടുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ 30<br>ചിറയിൻകീഴ്<br>ചിറയിൻകീഴ് അഞ്ചുതെങ്ങ് മാറ്റ്സ് & മാറ്റിംഗ്സ് ക്ലിപ്തം നം. റ്റി.1000<br>കടകംപള്ളി മാറ്റ്സ് & മാറ്റിംഗ്സ് ക്ലിപ്തം നം. 891<br>വൈക്കം<br>വൈക്കം മാറ്റ്സ് & മാറ്റിംഗ്സ് ക്ലിപ്തം നം. 349<br>ആലപ്പുഴ<br>അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു. (26 എണ്ണം)<br>നോർത്ത് പറവൂർ<br>ഗ്രണ്ട ഐലന്റ് പി സി എസ് ലി നം 297 |
| ഡി) അടഞ്ഞ് കിടക്കുന്ന മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ എത്രയെന്നറിയിക്കാമോ; പ്രസ്തുത സംഘങ്ങൾ പ്രവർത്തന ക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | ഡി) അടഞ്ഞു കിടക്കുന്ന മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ 14.<br>സംഘം പ്രവർത്തനം നിലച്ചുപോകാനുള്ള കാരണം കണ്ടെത്തി ആയതിന് അനുസരിച്ച് പെയ്ഡ് സെക്രട്ടറിയുടെ അഭാവമുള്ള സംഘങ്ങളിൽ പെയ്ഡ് സെക്രട്ടറി നിയമനത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് |
| ഇ) ഈ സർക്കാർ വന്നതിനുശേഷം എത്ര സംഘങ്ങൾ പുതിയതായി രജിസ്റ്റർചെയ്ത് പ്രവർത്തിക്കുന്നു ണ്ട്; പ്രസ്തുത സംഘങ്ങൾക്ക് എത്രതുക അനുവദിച്ചിട്ടു ണ്ട്; | ഇ)ഈ സർക്കാർ വന്നതിനുശേഷം പുതിയതായി 215 സംഘങ്ങൾ രജിസ്റ്റർ ചെയ് തിട്ടുണ്ട്. പ്രസ്തുത സംഘങ്ങൾക്ക് ആകെ 4,72,88,884/ രൂപ അനുവദിച്ചിട്ടു ണ്ട്; ഈ സർക്കാർ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത സംഘങ്ങളിൽ |

| | |
|---|---|
| പ്രസ്തുത സംഘങ്ങൾക്ക് കയർഫെഡിൽ അഫിലിയേഷൻ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; കയർഫെഡ് കയർ സംഭരിച്ച ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എത്രയെന്നറിയിക്കാമോ; പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | ഒരു സംഘത്തിന് കയർഫെഡിൽ അഫിലിയേഷൻ നൽകിയിട്ടുണ്ട്. കയർഫെഡ് കയർ സംഭരിച്ച വകയിൽ 410 ലക്ഷം രൂപ കൊടുത്തു തീർക്കുവാനുണ്ട്. കയറിന് ഡിസ്കൗണ്ട് നൽകി വിൽപ്പന ത്വരിതപ്പെടുത്തി ലഭിക്കുന്ന തുക സംഘങ്ങളുടെ കുടിശ്ശിക നൽകാൻ നടപടി സ്വീകരിച്ചു വരികയാണ്. |
| എഫ്) പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരം നൽകുന്നതിനും സ്വീകരിച്ച നടപടി വിശദമാക്കുമോ; | എഫ്) കയർ പിരി സംഘങ്ങൾക്ക് പരമാവധി 7.5 ലക്ഷം രൂപയും ഉൽപ്പാദക സംഘങ്ങൾക്ക് 10 ലക്ഷം രൂപയും പ്രവർത്തന മൂലധനമായി നൽകി വരുന്നു. കയർ സംഘങ്ങളിലെ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിന് വരുമാനം താങ്ങൽ പദ്ധതി പ്രകാരം എല്ലാ മാസവും ധനസഹായം നൽകുന്നുണ്ട്. പി.എം.ഐ അടിസ്ഥാന സൗകര്യ പദ്ധതി വികസനം തുടങ്ങിയ പദ്ധതികൾ പ്രകാരവും ധനസഹായം നൽകുന്നുണ്ട്. പുതിയ യന്ത്രവൽകൃത മെഷീനുകൾ സ്ഥാപിച്ചും തൊണ്ട് സംഭരണം, ചകിരി ഉൽപ്പാദനം എന്ന സർക്കാരിന്റെ പുതിയ പദ്ധതിയിലൂടെയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എല്ലാ കയർ സഹകരണ സംഘങ്ങൾക്കും പ്രവർത്തന മൂലധനം നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>നിലവിലുണ്ടായിരുന്ന തൊണ്ട് സംഭരണ പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള പുതിയ പദ്ധതി - '**തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും**' എന്ന ഒരു പദ്ധതിക്ക് സർക്കാർ അനുമതിനൽകിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും |

| | |
|---|---|
| | അതുവഴി കയർ മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം നൽകുന്നതിനും തൊഴിൽ സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കി കയർ വ്യവസായ മേഖലയെ സംരക്ഷിച്ചു നിലനിർത്തുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത് |
| ജി) പിരിഞ്ഞ് പോകുന്ന സംഘം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, പെൻഷൻ എന്നിവ നൽകുന്നതിന് വേണ്ടിസ്വീകരിച്ച നടപടി വിശദമാക്കുമോ; | ജി) പിരിഞ്ഞുപോകുന്ന സംഘം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകുന്ന പദ്ധതി 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ നടപ്പാക്കിയിരുന്നു [illegible] പദ്ധതി ഇപ്പോൾ നിലവിലില്ല. കയർ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്